# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ മുഖപത്രം)

K.S.M.T.F

'അലകൾ' വായിക്കുക,
വരിക്കാരാവുക, പ്രചരിപ്പിക്കുക,

**അലകൾ തപാലിൽ ലഭിക്കാൻ**
**60 രൂപ മണിയോർഡറായി അയക്കുക**

*വിലാസം*

മാനേജർ, അലകൾ, ടാങ്ക് റോഡ്
(ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാൾ റോഡ്), പുളിമൂട്,
തിരുവനന്തപുരം - 695 001

പുസ്തകം 4 ലക്കം 7 ❖ തിരുവനന്തപുരം ❖ 2012 ഫെബ്രുവരി 1–15 www.alakal.net വില 2 രൂപ

# മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ 40 ശതമാനം വ്യാജ അംഗങ്ങൾ

തിരുവനന്തപുരം: കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ട്ടുള്ളവരിൽ 40% പേർ അധികൃ തമായി അംഗത്വം നേടിയവരാ ണെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റ് ജനറലിന്റെ റിപ്പോർട്ടിൽ പറയുന്നു. തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ വ്യാജ അംഗത്വം നേടിയവരുടെ പട്ടികയുള്ളത്. മത്സ്യതൊഴിലാ ളികളുടെ നിരവധി ആനുകൂല്യ ങ്ങൾ ഈ വ്യാജ അംഗങ്ങൾ തട്ടിയെടുക്കുന്നതായും ആക്ഷേപം ഉയർന്നിരിക്കുന്നു. ഭവന നിർമ്മാണം, ഇൻഷ്വു റൻസ്, കുട്ടികളുടെ വിദ്യാഭ്യാ സത്തിനുള്ള ലംപ്സംഗ്രാന്റ് തുടങ്ങിയവ ഇത്തരക്കാർക്ക് ലഭിച്ചിട്ടുള്ളതായുമാണ് കംപ്ട്രോളർ ആന്റ് ഓഡിറ്റ് ജന റലിന്റെ കണ്ടെത്തൽ. അതേസ മയം അർഹരായ നിരവധി മത്സ്യതൊഴിലാളികൾക്ക് ക്ഷേമ നിധിയിൽ അംഗത്വം ലഭിക്കാത്ത തിന്റെ പേരിൽ നിരവധി ആനു കൂല്യങ്ങൾ നിക്ഷേധിക്കപ്പെടുക യുമാണ്.

മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ കടന്നു കൂടിയിട്ടുള്ള അനർഹരെ പുറ ത്താക്കാനും അർഹതപ്പെട്ട വർക്ക് അംഗത്വം നൽകാനും ഫിഷറീസ് വകുപ്പ് മന്ത്രി കെ. ബാബു തയ്യാറാകണം.

# കടാശ്വാസ കമ്മീഷന്റെ കാലാവധി 3 വർഷത്തേക്കുകൂടി നീട്ടി

തിരുവനന്തപുരം: കേരള മത്സ്യ തൊഴിലാളി കടാശ്വാസ കമ്മീ ഷന്റെ കാലാവധി ജനുവരി 21 ന് അവസാനിപ്പിച്ചു. ആയിരക്കണ ക്കിന് അപേക്ഷകൾ കടാശ്വാസ കമ്മീഷനിൽ കെട്ടിക്കിടക്കുന്നു. നിരവധി അപേക്ഷകൾ കടാ ശ്വാസ കമ്മീഷന്റെ ശുപാർശയോ ടുകൂടി സർക്കാരിന്റെ പരിഗണ നയ്ക്കായി സമർപ്പിച്ചിരിക്കുകയാ ണ്. സർക്കാർ ഇക്കാര്യത്തിൽ അടിയന്തിരമായി തിരുമാനമെടു ത്തില്ലെങ്കിൽ പല മത്സ്യതൊഴിലാ ളികളും ആത്മഹത്യചെയ്യേണ്ടി വരുമെന്ന് മത്സ്യതൊഴിലാളികൾ പറയുന്നു. നിരവധി മത്സ്യതൊഴി ലാളികൾ ജപ്തി ഭീഷണിയിലുമാ ണ്. ഈ പശ്ചാത്തലത്തിലാണ് കടാശ്വാസ കമ്മീഷന്റെ കാലാ വധി 3 വർഷത്തേയ്ക്ക് കൂടി നീട്ടാൻ മന്ത്രിസഭായോഗം തീരു മാനിച്ചത്. ഗവർണറുടെ അനുമതി കിട്ടിയാലുടൻ കയാശ്വാസ കമ്മി ഷനിൽ പുതിയ അംഗങ്ങൾ ചുമ തല ഏൽക്കും.

# മത്സ്യഫെഡ് 31.53 കോടി രൂപയുടെ പദ്ധതി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു

തിരുവനന്തപുരം: മത്സ്യമേഖല യുടെ അടിസ്ഥാന സൗകര്യവിക സനം ലക്ഷ്യമാക്കി എൻ.സി.ഡി. സി.യുടെ അംഗീകാരത്തോടു കൂടി 31.53 കോടി രൂപയുടെ പദ്ധതി മത്സ്യഫെഡ് തയ്യാറാക്കി സംസ്ഥാന സർക്കാരിന്റെ അംഗീ കാരത്തിനായി സമർപ്പിച്ചിരിക്കു ന്നു. മത്സ്യബന്ധന ഉപകരണങ്ങ ളുടെ വായ്പക്കായി 23.36 കോടി രൂപയും മത്സ്യബന്ധന ഉപകരണ ങ്ങളുടെ സുരക്ഷാപദ്ധതിക്ക് ഒരു കോടി രൂപയും പ്രാഥമിക സഹ കരണ സംഘങ്ങളുടെ പ്രവർത്തനമൂലധനത്തിന് 3.12 കോടിരൂപയും മത്സ്യം കേടുകൂ ടാതെ സൂക്ഷിക്കാനും മത്സ്യ വിപ ണനം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനുമായി 1.68 കോടി രൂപയും പ്രാഥമിക സഹകരണ സംഘങ്ങളിലും മത്സ്യഫെഡ് ജില്ലാ ആഫീസുക ളിലും മത്സ്യസംഭരണകേന്ദ്രം ആരംഭിക്കുന്നതിന് 2.18 കോടി രൂപയും മത്സ്യതൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനും ബോധവത്കരണം നടത്തുന്നതി നുമായി 25 ലക്ഷം രൂപയും പദ്ധതി ഇനത്തിൽ വകകൊള്ളി ച്ചിട്ടുണ്ട്. സർക്കാരിന്റെ അംഗീ കാരം കിട്ടിയാലുടൻ മത്സ്യതൊ ഴിലാളികൾക്ക് ഇതിന്റെ പ്രയോ ജനം ലഭിക്കുമെന്ന് മത്സ്യഫെഡ് അധികൃതർ വെളിപ്പെടുത്തി.

# കുട്ടികളുടെ അവകാശ സംരക്ഷണത്തിന് കമ്മീഷൻ രൂപീകരിക്കണം

കുട്ടികളും അവരുടെ അവകാശ ങ്ങളേയും കുറിച്ചുള്ള ചർച്ചകൾ കേരളത്തിന്റെ പൊതുമണ്ഡല ത്തിൽ സജീവമല്ല. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഭിന്നമായി പക്വത പുലർത്തുന്ന ജനാധിപത്യസമൂഹമായി സ്വയം വിശേഷിപ്പിക്കാറുണ്ടെങ്കിലും മനു ഷ്യാവകാശങ്ങളെ അടിസ്ഥാനപ്പെ ടുത്തിയുള്ള, പ്രത്യേകിച്ചും കുട്ടി കളുടെ അവകാശങ്ങൾക്ക് ഊന്നൽ നൽകുന്ന ചർച്ചകളും സംവാദങ്ങളും പരിമിതമാണ്. കുട്ടികളുടെ അവകാശങ്ങളെ സമീപിക്കുന്നത് പലപ്പോഴും കാരു ണ്യപ്രവർത്തനത്തിന്റെ ചട്ടക്കൂടി നകത്ത് നിന്നുകൊണ്ടാണ്. കുട്ടി കൾക്കെതിരെ നടക്കുന്ന മാനസി കവും ശാരീരികവുമായ അതിക്ര മങ്ങൾ കേരളത്തിൽ ക്രമാതീത മായി വർദ്ധിക്കുന്നുവെന്നാണ് സർക്കാരിന്റെയും ഇതര ഏജൻസികളുടെയും കണക്കു കൾ സൂചിപ്പിക്കുന്നത്. മാത്രമല്ല, പോഷകാഹാരം, വിദ്യാഭ്യാസം എന്നീ കാര്യങ്ങളിലെ കുട്ടികളുടെ പ്രത്യേകിച്ചും പാർശ്വവൽകൃത സമൂഹങ്ങളിലെ കുട്ടികളുടെ അവസ്ഥ വളരെ മോശപ്പെട്ടതാ ണെന്ന് പഠനങ്ങൾ തെളിയിച്ചുക ഴിഞ്ഞു.

വിദ്യാഭ്യാസ അവകാശ ങ്ങൾക്കായുള്ള ദേശീയ സഖ്യ മായ NAFRE (National Alliance for Fundamental Right to Education)-യുടെ കേരള ഘടകമായ ജനമുന്നേറ്റം കുട്ടികളുടെ അവകാശസംരക്ഷണം പ്രത്യേകിച്ചും അവരുടെ വിദ്യാഭ്യാസം മുഖ്യ അജണ്ട യാക്കി പ്രവർത്തിച്ചുവരുന്നു. പാർശ്വവൽകൃത സമൂഹങ്ങൾക്കി ടയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ കൂട്ടായ്മയാണ് ജനമുന്നേറ്റം. കുട്ടികളുടെ അവ കാശങ്ങളെ മുൻനിർത്തി ഭരണ ഘടന നൽകുന്ന അവകാശ-അ ധികാരങ്ങളെ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടതാ ണെന്ന ആശയത്തെ മുൻനിർത്തി NAFRE തെക്കേയിന്ത്യയിലാകെ ക്യാംബയിൻ നടത്തിവരുന്നു.

കുട്ടികൾ നാളത്തെ മാത്രമല്ല ഇന്നത്തെയും പൗരനാ ണെന്ന് ജനമുന്നേറ്റം വിശ്വസിക്കു ന്നു. കുട്ടികളുടെ അവകാശ സംര ക്ഷണവും നീതിയും ഉറപ്പാക്കുന്ന സംവിധാനം എന്നുള്ള നിലയിൽ കുട്ടികളുടെ സംസ്ഥാന കമ്മീ ഷൻ നിലവിൽ വരേണ്ടത് അനി വാര്യമാണ്.

രഘു ഇരവിപേരൂർ
കോ-ഓർഡിനേറ്റർ, ജനമുന്നേറ്റം

# ഞണ്ടുകഴിച്ച് ബംഗാൾ സ്വദേശി മരണമടഞ്ഞുവെന്ന വാർത്ത അടിസ്ഥാന രഹിതം

തിരുവനന്തപുരം: ചീഞ്ഞമ ത്സ്യവും ഞണ്ടും കഴിച്ച് ബംഗാൾ സ്വദേശി മരണമടഞ്ഞതായി ചില മാധ്യമങ്ങളിൽവന്ന വാർത്ത കടൽ ഞണ്ടിന്റെ വിലയിൽ ഇടി വുണ്ടാക്കാൻ ഇടയായതായി മത്സ്യതൊഴിലാളികൾ പറയുന്നു. വലയിൽപെടുന്ന യാവ മത്സ്യവും (കടൽമാക്രി) ഉപയോഗ പ്രദമ ല്ലാത്ത മറ്റ് ചില മത്സ്യങ്ങളും മത്സ്യതൊഴിലാളികൾ വലിച്ചെറി യുക പതിവാണ്. കരയ്ക്കടിയുന്ന ഇത്തരം മത്സ്യം കടൽകാക്കയും മറ്റ് പക്ഷികളും അവയുടെ ആഹാ രത്തിനായി പ്രയോജനപ്പെടുത്തും. ഒറീസ, പശ്ചിമബംഗാൾ, ബീഹാർ എന്നിവിടങ്ങളിൽ നിന്നും കേരള ത്തിലെത്തിയ കൂലിവേലക്കാർ മത്സ്യതൊഴിലാളികൾ വലിച്ചെറി യുന്ന മത്സ്യം പെറുക്കിയെടുക്കും. കൂടാതെ കടൽക്കരയിൽ ജീവി ക്കുന്ന ഒരിനം ഞണ്ടും(കുഴിഞ ണ്ട്) അവർ കറിയ്ക്ക് ഉപയോ ഗിച്ചു തുടങ്ങിയിട്ട് വർഷങ്ങൾ പലതു കഴിഞ്ഞു.

മത്സ്യതൊഴിലാളികൾ കളയുന്ന ഒരിനം യാവ മത്സ്യ ത്തിന്റെ വയറിനുള്ളിൽ വിഷസ ഞ്ചിയുണ്ടാകും. അപൂർവ്വം ചിലർ യാവ മത്സ്യം കഴിക്കാറു ണ്ടെങ്കിലും അത്തരക്കാർ വിഷ സഞ്ചി എടുത്തുമാറ്റിയ ശേഷം നന്നായി വേവിച്ചാണ് യാവ മത്സ്യം കഴിക്കാറുള്ളത്. ബംഗാളി കൾക്ക് ഒരു പക്ഷെ യാവ മത്സ്യ ത്തിന് വിഷസഞ്ചിയുള്ളകാര്യം അറിയില്ലായിരിക്കാം. ഒരു ബംഗാംളി മരണമടഞ്ഞപ്പോൾ ഒരു മുഖ്യധാരാ ദിനപത്രം കടൽ ഞണ്ടിന്റെ ഫോട്ടോ ഉൾപ്പെടെ പൊടിപ്പും തൊങ്ങലും വച്ച് വാർത്ത സൃഷ്ടിച്ചു. അതോടെ ആളുകൾ കടൽ ഞണ്ട് വാങ്ങാ തെയുമായി. മത്സ്യവിപണനത്തി ലേർപ്പെടുന്നവർ യഥാർത്ഥ വസ്തുത വിവരിച്ചു കഴിയുമ്പോ ഴാണ് ഞണ്ടിന്റെ വില്പന ആരം ഭിക്കുന്നത്. എത്രപേരെ ഒരേസ മയം കാര്യങ്ങൾ ബോധ്യപ്പെടു ത്താനാകും. ഏറ്റവും കൂടുതൽ കാൽസ്യവും പ്രോട്ടീനുമുള്ള താണ് കടൽ ഞണ്ട്. അതേസമയം ബംഗാളിയുടെ മരണകാരണം മെഡിക്കൽക്കോളേജ് അധികൃതർ അന്വേഷിച്ചുവരികയാണ്.

# ഫാ. അലോഷ്യസ് ഡി. ഫെർണാന്റസിന് ആദരാഞ്ജലികൾ



ആലപ്പുഴ: ഓറ മാസികയുടെ പത്രാധിപരും ജനജാഗൃതി സെന്റ റിന്റെ ഡയറക്ടറുമായിരുന്ന ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ് ആന്ധ്രാപ്രദേശിൽ നിന്നും ആല പ്പുഴയിലേക്കുള്ള യാത്രാമദ്ധ്യേ ഹൃദയാഘാതം മൂലം മരണമട ഞ്ഞു. സാമൂഹിക-സാംസ്കാരിക -സാഹിത്യ മേഖലകളിൽ ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ചവച്ച അദ്ദേഹം മൺസൂൺകാല ട്രോളിംഗ് നിരോധനത്തിനായുള്ള സമരപോരാട്ടങ്ങളിൽ പങ്കാളിയാ വുകയും നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുകയും ചെയ്തിരു ന്നു. ഈ.ജി. പീറ്റർ രചിച്ച മത്സ്യ തൊഴിലാളി ഗാനങ്ങൾ കോർത്തി ണക്കി ''മീൻതോണി'' എന്ന കാസറ്റ് പുറത്തിറക്കുകയും കട ലോര-ഉൾനാടൻ മേഖലകളിൽ അവ വിറ്റഴിച്ച് മത്സ്യതൊഴിലാളി സമരത്തിന് ഫണ്ട് സ്വരൂപിക്കു കയും ചെയ്ത ഫാ. അലോഷ്യസ് ഡി. ഫെർണാന്റസിന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡ റേഷൻ ആദരാഞ്ജലികൾ അർപ്പിച്ചു. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടി.പീറ്റർ, ജനറൽ സെക്രട്ടറി പി.പി. ജോൺ, ആലപ്പുഴ ജില്ലാ സെക്രട്ടറി ജാക്സൺ പൊള്ളയിൽ, കൊല്ലം ജില്ലാ സെക്രട്ടറി ഏ. ആൻഡ്രൂസ്, എം. അംബ്രോസ് എന്നിവർ റീത്ത് സമർപ്പിച്ചു.

ജനജാഗൃതി ഭവനിൽ ചേർന്ന അനുശോചന സമ്മേളന ത്തിൽ മാണി പറമ്പോട്ട് (ബദൽ സംഘജീവിതം), ജോൺസൺ (ഡൈനമിക് ആക്ഷൻ), ജ്യോതി നാരായണൻ (സ്ത്രീവേദി), ജോജി കൂട്ടുമ്മേൽ (പരിസ്ഥിതി), ജി. സുധാകരൻ എം.എൽ.എ., തോമസ് വെട്ടിക്കൽ (സെഫലജീ വിതം)ഹൗലത് ബീവ് (സോയ്ഫ്), കമാൽ എം. മാക്കിയിൽ (ദലിത്ബ ന്ധു) പി.കെ. ചന്ദ്രാനന്ദൻ, അഡ്വ. പ്രഭാഹരി (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്), പി.കെ. രതി (മുൻ പഞ്ചായത്ത് പ്രസിഡന്റ്), ശിവരാ മൻ ചെറിയനാട് (സാഹിത്യ സഹ കരണ സംഘം), ഡോ. ജോൺ മത്തായി (ശാസ്ത്രസാഹിത്യ പരി ഷത്ത്), പി. സുലേഖ (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്), മിനോൺ, ടി.പീറ്റർ (കേരള സ്വ തന്ത്ര മത്സ്യതൊഴിലാളി ഫെഡറേ ഷൻ), കെ. സുദർശനാഭായി (ശാ സ്ത്രസാഹിത്. പരിഷത്ത്), രാജ ഗോപാൽ വാകത്താനം (യുക്തി വാദി സംഘം), ഫാ. ബാബു കട്ട ക്കയം, എം.റ്റി. കൊച്ചുമോൾ, എൻ.ജി. ശാസ്ത്രി, വിനയ മാട ക്കര എന്നിവർ സംസാരിച്ചു.

ഫാ. അലോഷ്യസ് ഡി. ഫെർണാന്റസിന്റെ ആഗ്രഹപ്ര കാരം അദ്ദേഹത്തിന്റെ ഭൗതീകശ രീരം ബന്ധുമിത്രാദികളും സഹ പ്രവർത്തകരും ചേർന്ന് ആലപ്പുഴ മെഡിക്കൽ കോളജിലെ വിദ്യാർത്ഥികൾക്ക് പഠനത്തിനായി നൽകി.

# മാതൃകാ മത്സ്യഗ്രാമ പദ്ധതിയും മത്സ്യതൊഴിലാളികളുടെ ആശങ്കകളും

**മാതൃകാ മത്സ്യഗ്രാമ പദ്ധതി**

സംസ്ഥാനത്ത് പുതുതായി 11 മാതൃകാ മത്സ്യഗ്രാമങ്ങളുടെ നിർമ്മാണം 2012 മാർച്ചിൽ ആരംഭിക്കുമെന്ന് ഫിഷറീസ് മന്ത്രി കെ. ബാബു അറിയിച്ചു. ഇതു സംബന്ധിച്ച് തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. 20 മാതൃകാ മത്സ്യഗ്രാമങ്ങൾ സ്ഥാപിക്കുമെന്ന് മുൻസർക്കാർ പ്രഖ്യാപിച്ചിരുന്നു. പദ്ധതിഘടകങ്ങൾ കൂടുതൽ സമഗ്രതയോടെ നടപ്പിലാക്കുന്നതിനു വേണ്ടിയായിരിക്കാം മാതൃകാ മത്സ്യഗ്രാമങ്ങളുടെ എണ്ണം 11 ആയി ചുരുക്കിയിരിക്കുന്നത്.

ഭവന നിർമ്മാണം, ശുദ്ധജല വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, മത്സ്യമാർക്കറ്റുകൾ, തീരദേശ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, ആശുപത്രി നവീകരണം, മത്സ്യലേലഹാൾ, അംഗൻവാടി, കളിസ്ഥലം, ഹൈമാസ് ലൈറ്റ്, മത്സ്യവിൽപന ബൂത്തുകൾ, കമ്മ്യൂണിറ്റി ഹാൾ മുതലായവയാണ് പദ്ധതിഘടങ്ങൾ. ഈ ഘടകങ്ങളെല്ലാം തന്നെ തെരഞ്ഞെടുക്കപ്പെട്ട 11 ഗ്രാമങ്ങളിൽ മാത്രമായിരിക്കും നടപ്പിലാക്കുക.

സംസ്ഥാനത്ത് 222 കടലോര മത്സ്യതൊഴിലാളി ഗ്രാമങ്ങളും 113 ഉൾനാടൻ മത്സ്യഗ്രാമങ്ങളുമുണ്ട്. ഇതിൽ 11 ഗ്രാമങ്ങൾക്കു മാത്രമാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. അജാന്നൂർ (കാസർഗോഡ്), അഴീക്കോട് (കണ്ണൂർ), മാറാട് (കോഴിക്കോട്), താന്നൂർ (മലപ്പുറം), കൈപ്പമംഗലം (തൃശൂർ) പൊയ്യ (തൃശൂർ) ചെല്ലാനം (എറണാകുളം) തൃക്കുന്നപ്പുഴ (ആലപ്പുഴ), ആറാട്ടുപുഴ (ആലപ്പുഴ), പുത്തൻതുറ (കൊല്ലം), വലിയതുറ (തിരുവനന്തപുരം) എന്നിവയാണ് പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്തിരിക്കുന്ന മത്സ്യതൊഴിലാളി പ്രദേശങ്ങൾ. ഈ തെരഞ്ഞെടുത്തിരിക്കുന്ന പ്രദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുകളാണോ, റവന്യൂവില്ലേജാണോ, നിയോജക മണ്ഡലമാണോ, മത്സ്യതൊഴിലാളി വില്ലേജാണോ എന്നൊന്നും വ്യക്തമല്ല. മത്സ്യമേഖലയിലെ പ്രവർത്തനമായതിനാൽ നിയമം കൊണ്ട് നിർവചിച്ചിട്ടുള്ള ഫിഷർമെൻ വില്ലേജുകളിലാണ് പദ്ധതി പ്രവർത്തനം നടത്തുന്നത് എന്നാണ് കരുതേണ്ടത്. എങ്കിൽ താന്നൂർ, പൊയ്യ എന്നിവ ഫിഷർമെൻ വില്ലേജുകളല്ല. തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ഈ പദ്ധതിയുടെ പ്രവർത്തനം ആവശ്യമാണ്. എന്നാൽ ഈ പ്രവർത്തനം പതിന്മടങ്ങ് ആവശ്യമുള്ള എത്രയോ മറ്റ് മത്സ്യ ഗ്രാമങ്ങൾ ഉണ്ട്. അവയെ ഒഴിവാക്കി, പ്രസ്തുത 11 മത്സ്യ ഗ്രാമങ്ങളെ തെരഞ്ഞെടുത്തതിൽ അപാകതയുണ്ട്. ഒന്നുകിൽ ഈ പ്രദേശങ്ങളിലെ ജനപ്രതിനിധികൾ കൂടുതൽ ആത്മാർത്ഥത കാണിച്ചു. അല്ലെങ്കിൽ ഇതര തീരദേശ ജനപ്രതിനിധികൾ അവരുടെ തീരപ്രദേശത്തേക്ക് താല്പര്യം കാണിച്ചില്ല. സൗത്ത് കൊല്ലംങ്കോട് മുതൽ ബങ്കര മഞ്ചേശ്വരം വരെയുള്ള എല്ലാ മത്സ്യ ഗ്രാമങ്ങളിലേയും സാമൂഹ്യ സ്ഥിതി സമാനമാണെങ്കിലും മാതൃകാ മത്സ്യഗ്രാമം പോലുള്ള അത്യന്താപേക്ഷിത പദ്ധതികളുടെ പ്രദേശം തെരഞ്ഞെടുക്കുമ്പോൾ മത്സ്യതൊഴിലാളി ജനസാന്ദ്രതയോ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയോ സൂചകങ്ങളായി പരിഗണിക്കേണ്ടതായിരുന്നു.

കേന്ദ്ര ധനകാര്യകമ്മീഷൻ മത്സ്യമേഖലക്കു 200 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി ഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഭവനനിർമ്മാണമാണ്. ഓരോ ഭവനത്തിനും 3.6 ലക്ഷം രൂപ വിനിയോഗിക്കുന്നതാണ്. അങ്ങനെയുള്ള 197 ഭവനങ്ങൾ വീതം ഓരോ വില്ലേജുകളിലും നിർമ്മിക്കുന്നതാണ് മൊത്തം 2167 ഭവനങ്ങളാണ് ഇത്തരിത്തിൽ നിർമ്മിക്കുന്നത്.

മാതൃകാ മത്സ്യഗ്രാമപദ്ധതിയുടെ നിർവ്വഹണത്തിനും നിരീക്ഷണത്തിനുമായി സംസ്ഥാനതല മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുന്നതാണ്. ഗ്രാമതലത്തിൽ അതതു പ്രദേശത്തെ എം.എൽ.എ.മാർ ചെയർമാനായുള്ള മാനേജിംഗ് കമ്മിറ്റിയും രൂപീകരിക്കുന്നതാണ്. സംസ്ഥാന തല മാനേജിംഗ് കമ്മിറ്റി തീരുമാനിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമ (ജില്ലാ) തല കമ്മിറ്റികളായിരിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. സംസ്ഥാന തീരദേശ വികസന കോർപ്പറേഷനായിരിക്കും പദ്ധതിയുടെ നിർവഹണം നടത്തുന്നത്.

**മത്സ്യഗ്രാമ പദ്ധതിയും മത്സ്യതൊഴിലാളി ഭവന നിർമ്മാണവും**

സംസ്ഥാനത്തെ മത്സ്യതൊഴിലാളി മേഖലയിൽ ഇപ്പോൾ പ്രധാനമായും നാലു തരത്തിലുള്ള ഭവന നിർമ്മാണ സഹായ പദ്ധതികൾ നിലനിൽക്കുന്നു.

(1). ദേശീയ മത്സ്യതൊഴിലാളി ക്ഷേമ പദ്ധതി

(2). സംസ്ഥാന പദ്ധതി

(3). തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതി

(4). മാതൃകാ മത്സ്യഗ്രാമ പദ്ധതി

ഈ വ്യത്യസ്ത പദ്ധതികളുടെ നടത്തിപ്പിന് അർഹത മാനദണ്ഡങ്ങൾ, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, നിർവ്വഹണ ഏജൻസികൾ, സഹായ വിതരണ രീതി എന്നിവയൊക്കെ തീർത്തും വ്യത്യസ്തമാണ്

**(1). ദേശീയ മത്സ്യതൊഴിലാളി ക്ഷേമപദ്ധതി**

ഈ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വീടൊന്നിന് 50000 രൂപയുടെ ഗ്രാന്റ് മത്സ്യതൊഴിലാളികൾക്ക് ധനസഹായം ലഭിക്കുന്നു. മത്സ്യതൊഴിലാളികൾ നേരിട്ട് ഭവനങ്ങൾ നിർമ്മിക്കുന്നു. കൈവശത്തിൽ 2 സെന്റ് ഭൂമിയെങ്കിലുമുണ്ടെങ്കിൽ സഹായത്തിന് അർഹതയുണ്ട്. ജില്ലാ കളക്ടർ ചെയർമാനായുള്ള തീരദേശ എം.എൽ.എ. മാരും എം.പി.മാരുമടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്

**(2). സംസ്ഥാന പദ്ധതി**

ദേശീയ മത്സ്യതൊഴിലാളി ക്ഷേമ ഭവനനിർമ്മാണ പദ്ധതിയുടെ സഹായ തുകയായ 50000 രൂപയോടൊപ്പം 1.5 ലക്ഷം രൂപ കൂടി സംസ്ഥാന സർക്കാർ അധികം അനുവദിച്ച് മൊത്തം രണ്ടുലക്ഷം രൂപയുടെ ഭവന നിർമ്മാണപദ്ധതി നടപ്പിലാക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. കേന്ദ്രസഹായ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്താത്തിടത്തോളം ഈ കൂട്ടിച്ചേർക്കൽ പദ്ധതി നടപ്പിലാക്കാൻ സാധ്യതയില്ല. അങ്ങനെയെങ്കിൽ 1.5 ലക്ഷം രൂപയുടെ ഒരു സംസ്ഥാന പദ്ധതി നടപ്പിലാക്കുമെന്ന് മത്സ്യതൊഴിലാളികൾ പ്രതീക്ഷിക്കുന്നു. അല്ലാത്തപക്ഷം ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്.

**(3). തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയുള്ള പദ്ധതികൾ**

ഇവിടെയും രണ്ടു തരത്തിലുള്ള പദ്ധതികൾ നിലവിലുണ്ട്.

(a) സബ്സിഡി മാനദണ്ഡങ്ങൾ അനുസരിച്ചുള്ളത്.

(b). ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി.

നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങൾ പ്രാകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് ഭവനനിർമ്മാണത്തിന് 50000 രൂപവരെ സഹായം നല്കാം. ഏറെ കൊട്ടിഘോഷിക്കപ്പെട്ട ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം ഒന്നര ലക്ഷം രൂപയോളം ധന സഹായം ലഭ്യമാണെങ്കിലും ഈ പദ്ധതിയുടെ പ്രയോജനം മത്സ്യതൊഴിലാളി മേഖലയിൽ ലഭ്യമാകുന്നില്ല. സ്വന്തമായി ഭൂമി ലഭ്യമായിരിക്കണമെന്ന വ്യവസ്ഥ മിക്കവാറും തദ്ദേശസ്ഥാപനങ്ങൾ കർശനമായി പാലിക്കുന്നതുകൊണ്ടും മത്സ്യതൊഴിലാളികളിൽ ഭൂരിപക്ഷത്തിനും കൈവശാവകാശ ഭൂമിയേ ലഭ്യമായിട്ടുള്ളു എന്നതുകൊണ്ടും ഇതര സാങ്കേതിക തടസ്സങ്ങൾ മൂലവും ഈ പദ്ധതി മത്സ്യമേഖലയിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല. തദ്ദേശ സ്ഥാപനങ്ങൾ തന്നെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ഈ പദ്ധതിയുടെ നടത്തിപ്പും നിരീക്ഷണവും കാര്യക്ഷമമല്ല.

**(3). മാതൃകാ മത്സ്യഗ്രാമ പദ്ധതി**

വീടൊന്നിന് 3.6 ലക്ഷം രൂപ ചെലവുവരുന്ന ഈ പദ്ധതി പ്രാകാരമുള്ള ഭവനങ്ങൾ തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ചു നൽകുകയാണ്. 11 മത്സ്യഗ്രാമങ്ങളിൽ മാത്രമേ ഇതിന്റെ പ്രയോജനം ലഭ്യമാകുകയുള്ളു. അടുത്ത 4 വർഷം കൊണ്ട് ഏകദേശം 2000 വീടുകൾ മാത്രമേ നിർമ്മിച്ചു നൽകാൻ കഴിയുകയുള്ളു, കൈവശഭൂമിയിലാണോ, സ്വന്തം ഭൂമിയിലാണോ അതോ ഭൂമി ലഭ്യമാക്കുമോ എന്നൊന്നും വ്യക്തമല്ല.

**നിലവിലുള്ള സ്ഥിതി**

സൗത്ത് കൊല്ലങ്കോട് മുതൽ ബങ്കരമഞ്ചേശ്വരം വരെയുള്ള എല്ലാ മത്സ്യഗ്രാമങ്ങളിലേയും മത്സ്യതൊഴിലാളികളുടെ സാമൂഹ്യ അടിസ്ഥാന സൗകര്യ ലഭ്യത സമാനമാണ്. സർക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്ന കണക്കുകൾപ്രാകാരം 25% മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ഒരു സെന്റ് ഭൂമി പോലും ലഭ്യമല്ല. 32% മത്സ്യതൊഴിലാളി കുടുംബങ്ങൾ വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ ഇപ്പോഴും താമസിച്ചു വരുന്നു. ഇതിൽ 11 മത്സ്യഗ്രാമങ്ങളിലെ മത്സ്യതൊഴിലാളികൾക്കു മാത്രം 4 വർഷംകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നു എന്നത് നീതീകരിക്കാവുന്നതല്ല. 14–ാം ധനകാര്യക്കമ്മിഷൻ നിലവിൽ വരുമ്പോൾ ഇത്തരത്തിലുള്ള പദ്ധതി മത്സ്യമേഖലയ്ക്കു ലഭ്യമാക്കുമോ എന്ന് പറയാൻ കഴിയില്ല.

- 50000 രൂപാ മുതൽ 3.6 ലക്ഷം രൂപവരെ വ്യത്യസ്ഥ തോതിലുള്ള ഭവന നിർമ്മാണ സഹായ പദ്ധതികൾ നിലനിൽക്കുന്നു.
- വ്യത്യസ്ഥ ഘടനയിലുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പു സമിതികൾ
- ചില പദ്ധതികൾ പ്രകാരം സർക്കാർ വീടു നിർമ്മിച്ചു നൽകുന്നു.
- ചില പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് ധന സഹായം നൽകി അവർ തന്നെ ഭവനങ്ങൾ നിർമ്മിക്കുന്നു.
- ഭവന നിർമ്മാണ പദ്ധതിയുടെ പ്രയോജനം ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് താരതമ്യേന ലഭ്യമാകുന്നില്ല.
- സ്വന്തം ഭൂമി ലഭ്യമല്ല എന്ന കാരണത്താൽ ചില ഭവന നിർമ്മാണ പദ്ധതികൾക്ക് അപേക്ഷിക്കാൻ പോലും നിർവാഹമില്ല.
- സമാനമായ സാമൂഹ്യ സ്ഥിതി സംസ്ഥാനത്തെ മുഴുവൻ മത്സ്യമേഖയിൽ നില നിന്നിട്ടും ചില മത്സ്യ ഗ്രാമങ്ങളോടു മാത്രമുള്ള സർക്കാരിന്റെ മമത.
- സംസ്ഥാനത്തെ മത്സ്യതൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥികൾ പ്രൈമറി/സെക്കന്ററി/ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന് മുഖ്യമായും ആശ്രയിക്കുന്നത് കോർപ്പറേറ്റ് മാനേജ്മെന്റുകളോ, സാമൂഹ്യ സംഘടനകളോ നടത്തുന്ന എയിഡഡ് സ്കൂളുകളേയാണ്. മാതൃകാ മത്സ്യഗ്രാമ പദ്ധതി പ്രകാരമുള്ള "സ്കൂളുകളുടെ നവീകരണം എന്ന പദ്ധതി ഘടകത്തിന്റെ പ്രയോജനം നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഇത്തരം സ്കൂളുകൾക്ക് ലഭ്യമാകുകയില്ല.

**മത്സ്യതൊഴിലാളികൾ ആഗ്രഹിക്കുന്നത്**

- മത്സ്യതൊഴിലാളി മേഖലക്കു വേണ്ടി ഒരു പ്രത്യേക ഹൗസിംഗ് പോളിസി പ്രഖ്യാപിക്കുക. ഈ ഹൗസിംഗ് പോളിസിയുടെ ഭാഗമായി ഭൂരഹിതരായ എല്ലാ മത്സ്യതൊഴിലാളികൾക്കും ഭൂമി ലഭ്യമാക്കുക. വിവിധ ധനസ്രോതസുകളിൽ നിന്നുള്ള ധനസമാഹരണം നടത്തി ഭവന നിർമ്മാണ സഹായവും, വിതരണ മാനദണ്ഡങ്ങളും ഏകീകരിക്കുക.
- നിലവിലുള്ള മാതൃകാ മത്സ്യ ഗ്രാമപദ്ധതി 11 ഗ്രാമങ്ങളിലും സമയബന്ധിതമായി നടപ്പിലാക്കുക.
- മത്സ്യഗ്രാമ പദ്ധതിയിലെ ഭവനനിർമ്മാണ പദ്ധതി ഘടകം മത്സ്യതൊഴിലാളികൾ മുഖാന്തിരം നടപ്പിലാക്കുക.
- മത്സ്യ ഗ്രാമ പദ്ധതിയിലെ "സ്കൂളുകളുടെ നവീകരണം" എന്ന ഘടകത്തിൻ പ്രകാരമുള്ള ആനുകൂല്യം എയ്ഡഡ് സ്കൂളുകൾക്ക് കൂടി ലഭ്യമാക്കുക.
- ശേഷിക്കുന്ന 212 കടലോര മത്സ്യ ഗ്രാമങ്ങൾക്കും മാതൃകാ മത്സ്യഗ്രാമ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകുക. ഇതിനായി 1500 കോടി രൂപയെങ്കിലും വകയിരുത്തേണ്ടതാണ്.
- മാതൃകാ മത്സ്യഗ്രാമ പദ്ധതിയുടെ പ്രയോജനം ഉൾനാടൻ മത്സ്യതൊഴിലാളികൾക്കു കൂടി ലഭ്യമാക്കുന്നതിന് മാതൃകാ മത്സ്യതൊഴിലാളി പദ്ധതിക്കു സമാനമായ പരിപാടികൾക്ക് രൂപം നൽകേണ്ടതാണ്.
- പദ്ധതി നടത്തിപ്പിന്റെ ഭാഗമായി രൂപീകരിക്കുന്ന വിവിധ സമിതികളിൽ മത്സ്യതൊഴിലാളി / മത്സ്യതൊഴിലാളി സംഘടനാ പ്രാതിനിധ്യം ഉറപ്പാക്കുക.

# ചാലിൽ മത്സ്യബന്ധനാവകാശം നിഷേധിക്കുന്നു

ആലപ്പുഴ: സംസ്ഥാന സർക്കാരിന്റെ "ഒരു നെല്ലും ഒരു മീനു" പദ്ധതി കർശനമായി പാലിക്കാൻ ചാൽകോൺട്രാക്ടർമാർ തയ്യാറാകാത്തത് ആലപ്പുഴയിലെ അരൂർ ഭാഗത്ത് സംഘർഷത്തിന് ഇടയാക്കി. ഒരു കൃഷികഴിയുമ്പോൾ ചാലിൽ മീൻപിടിക്കാനുള്ള അവകാശം മത്സ്യതൊഴിലാളികൾക്കാണ്. ചില ചാൽകോൺട്രാക്ടർമാർ അതു നിഷേധിക്കുന്നതായി ആക്ഷേപം ഉയർന്നിരിക്കുന്നു. മാർച്ച് 31 നു ശേഷം ചാല് തുറന്നിടാൻ ചാൽകോൺട്രാക്ടർമാർ തയ്യാറിയില്ലെങ്കിൽ ശക്തമായ മത്സ്യതൊഴിലാളി പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി പോൾ എഴുപുന്ന, ആലപ്പുഴ ജില്ലാ പ്രസിഡന്റ് ബാബു ഒറ്റമശ്ശേരി, സെക്രട്ടറി ജാക്സൺ പൊള്ളയിൽ, എൻ. പി.കുമാരി എന്നിവർ മുന്നറിയിപ്പ് നൽകി.

## ഫിഷറീസ് കോ ഓർഡിനേറ്റർ കമ്മിറ്റി യോഗം ഫെബ്രുവരി 15ന് തിരുവനന്തപുത്ത്

എറണാകുളം: മത്സ്യമേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യാൻ ഫിഷറീസ് കോ-ഓർഡിനേഷൻ കമ്മിറ്റിയോഗം ഫെബ്രുവരി 15 ന് തിരുവനന്തപുരത്തു ചേരുവാൻ തീരുമാനിച്ചതായി ജനറൽ കൺവീനർ വി.വി. ശശീന്ദ്രൻ അറിയിച്ചു.

# വഴിയോര ചന്തയിലെ തർക്കം പരിഹരിച്ചു

തിരുവനന്തപുരം: വർഷങ്ങളായി കഴക്കൂട്ടം ബസ്റ്റാന്റിന് സമീപം വഴിയോരത്തുള്ള ചന്തയിൽ വൈകുന്നേരങ്ങളിൽ മത്സ്യവിപണനം നടത്തിവന്ന സ്ത്രീകളെ അവിടെനിന്നും മാറ്റാൻ പോലീസും ടാക്സി ഡ്രൈവർ മാരും ചേർന്ന് നടത്തിയ ശ്രമം പരാചയപ്പെട്ടു. ഒരു ടാക്സി ഡ്രൈവർക്ക് മത്സ്യവിപണ സ്ത്രീകൾ നിത്യവും സൗജന്യമായി മത്സ്യം കൊടുക്കാത്തതാണ് പ്രശ്നങ്ങൾക്ക് കാരണമായത്. ടാക്സി ഡ്രൈവർ അവിടെയുള്ള മറ്റ് ടാക്സി ഡ്രൈവർമാരെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് പോലീസിനെ സ്വാധീനിച്ച് സ്ത്രീകളെ ഒഴിപ്പിക്കാനുള്ള നീക്കമാണ് നടത്തിയത്. കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ പ്രവർത്തകരായ ടി.ഔസഫ്, ഫ്രീസ്കാ കുരിശപ്പൻ, മാഗ്ലിൻ പീറ്റർ, ഗേളി ജോൺ എന്നിവർ ടാക്സി ഡ്രൈവർമാരുമായി വിശദാംശങ്ങൾ ചർച്ച ചെയ്യുകയും പോലീസുമായി ധാരണയുണ്ടാക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ ഇപ്പോൾ സ്ത്രീകൾ സ്വൈരമായി മത്സ്യവിപണനം തുടരുകയാണ്.

വഴിയോര ചന്തകളിൽ മത്സ്യ-പച്ചക്കറി വിപണനം നടത്തുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ സർക്കാർ നടപടി കൈക്കൊള്ളണമെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ ആവശ്യപ്പെട്ടു.

# മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻസ്ഥാനം തീരുമാനമായില്ല

മലപ്പുറം: കേരള മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ സ്ഥാനം മുസ്ലീംലീഗിനാണ് നൽകിയിരിക്കുന്നത്. കോൺഗ്രസിലെ പടലപിണക്കമാണ് ചെയർമാൻ സ്ഥാനം മുസ്ലീം ലീഗിന്റെ കൈവശം എത്താൻ ഇടയാക്കിയതെന്ന് പറയപ്പെടുന്നു. ക്ഷേമനിധി ബോർഡ് നാഥനില്ലാ കളരിയായി തുടരുന്നു. മത്സ്യതൊഴിലാളി ക്ഷേമാശ്വാസ പദ്ധതികൾ പലതും മുടങ്ങിക്കിടക്കുന്നു. എത്രയുംവേഗം ക്ഷേമനിധി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സർക്കാർ നടപടി കൈക്കൊള്ളണമെന്ന് മത്സ്യതൊഴിലാളികൾ ആവശ്യപ്പെടുന്നു.

# ഒ. എച്ച്. സിറാജുദ്ദീൻ പ്രസിഡന്റ്

ആലപ്പുഴ: കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ ആലപ്പുഴ ഉൾനാട് വിയ്യപുരം മേഖലാ കമ്മിറ്റി പ്രസിഡന്റായി ഒ.എച്ച്. സിറാജുദ്ദീനെയും സെക്രട്ടറിയായി സി.കെ. ബാബുവിനെയും വൈസ്പ്രസിഡന്റായി സെയ്ദ് മുഹമ്മദിനെയും ജോയിന്റ് സെക്രട്ടറിയായി ജേക്കബ് ജോണിനെയും തെരഞ്ഞെടുത്തു. വിയ്യപുരത്ത് ചേർന്ന തെരഞ്ഞെടുപ്പ് പൊതുയോഗത്തിൽ ഫെഡറേഷൻ ജനറൽ സെക്രട്ടറി പി.പി. ജോൺ സംസ്ഥാന കമ്മിറ്റി അംഗം പി.സി. ബെൻ എന്നിവർ പ്രസംഗിച്ചു.

അലകൾക്ക് വരിസംഖ്യ നൽകാത്തവർക്ക് തുടർന്ന് അലകൾ പോസ്റ്റ് ചെയ്യാൻ കഴിയാത്ത വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. വെബ്സൈറ്റിൽ അലകൾ ലഭ്യമാണ്
www.alakal.net സന്ദർശിക്കുക




# തമ്പേർ 2012 അർത്തുങ്കൽ ഫെസ്റ്റ്



ആലപ്പുഴ: സംസ്ഥാന സാംസ്കാരിക വകുപ്പും കൃപാസനവും സംയുക്തമായി ആലപ്പുഴ കടലോരത്ത് "തമ്പേർ 2012 അർത്തുങ്കൽ ഫെസ്റ്റ്" സംഘടിപ്പിച്ചു. തീരദേശ സാസ്കാരിക മഹോത്സവം കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ ആലപ്പുഴ ജില്ലാ സെക്രട്ടറി ജാക്സൺ പൊള്ളയിൽ ഉത്ഘാടനം ചെയ്തു. ഫാ. വി.പി. ജോസഫ് വലിയവീട്ടിൽ ജന്മം കൊടുത്ത കൃപാസനം എന്ന സ്ഥാപനമാണ് തീരദേശ കലാരൂപങ്ങൾ കാലഹരണപ്പെടാതെ കാത്തുസൂക്ഷിക്കുന്നതെന്നും തീരദേശത്തിന്റെ നവോത്ഥാനത്തിന് ഇതൊരു മുതൽകൂട്ടാണെന്നും ജാക്സൺ പറഞ്ഞു. ഫാ. ജോൺ കളത്തിൽ അദ്ധ്യക്ഷതവഹിച്ചു. മൺമറഞ്ഞുപോയ കലാരൂപങ്ങൾക്ക് പുതുജന്മം നൽകി പ്രദർശന മത്സരയിനങ്ങളാക്കാനുള്ള തമ്പേർ 2012 തീർത്തും ചരിത്രത്തിന്റെ ഭാഗമാണെന്ന് അദ്ദേഹം പറഞ്ഞു. കൃപാസനം അവതരിപ്പിച്ച പ്രധാന ചവിട്ടുനാടകങ്ങളായ കാറൽസ്മാൻ, ബ്രിജീന, മാർത്തോമ സന്ദേശം, തിരയും തീരക്കാറ്റും, വി. സെബസ്ത്യാനോസ്, ദാവീദും ഗോലിയാത്തും, മഹാനായ അലക്സാണ്ടർ, വീരയോദ്ധാക്കളുടെ അന്ത്യം, സമകാലികം എന്നിവയെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് കൃപാസനം രംഗകലാപീഠം ഡയറക്ടർ ഫാ. വി.പി. ജോസഫ് പ്രസംഗിച്ചു. തീരദേശ കലാരൂപങ്ങളിലെ ഗാനശീർഷകങ്ങൾ കലാകാരന്മാർ ആലപിക്കുകയും കലാരൂപങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. തീരദേശ കലാരൂപങ്ങൾക്ക് ജന്മം നൽകിയ ആശാന്മാരെയും കലാകാരന്മാരെയും വേദിയിൽ ആദരിച്ചു. തമ്പേർ 2012 ജനറൽ കൺവീനർ തങ്കച്ചൻ പനയ്ക്കൽ നന്ദി പറഞ്ഞു.

# ന്യായവിലയ്ക്ക് മണ്ണെണ്ണ നൽകണം

കൊല്ലം: തീരക്കലിൽ മത്സ്യം കുറവായതിനാൽ ആഴക്കടലിൽ പോയി മീൻപിടിക്കാൻ മത്സ്യതൊഴിലാളികൾ നിർബന്ധിതരായിരിക്കുന്ന പശ്ചാത്തലത്തിൽ ന്യായവിലയ്ക്ക് 500 ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്യാൻ ഫിഷറീസ് വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും തയ്യാറാകണമെന്നു കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ കൊല്ലം ജില്ലാ പ്രസിഡന്റ് എസ്. ഫ്രാൻസിസ്, ജില്ലാ സെക്രട്ടറി എ. ആൻഡ്രൂസ് എന്നിവർ ആവശ്യപ്പെട്ടു. മത്സ്യതൊഴിലാളികൾ ഇപ്പോൾ കരിഞ്ചന്തയിൽനിന്നും അമിത വിലയ്ക്കാണു മണ്ണെണ്ണ വാങ്ങുന്നത്. ഇതുമൂലം മത്സ്യതൊഴിലാളികൾ വീണ്ടും കടക്കെണിയിൽ അകപ്പെടുകയാണെന്നും അവർ പറഞ്ഞു.

# സ്വകാര്യ ഹോട്ടലുടമ കായൽ പുറമ്പോക്ക് കയ്യേറി

കഴക്കൂട്ടം: കഠിനംകുളം വില്ലേജ് ഓഫീസിന്റെയും പോലീസ് സ്റ്റേഷന്റെയും സമീപമുള്ള തോണിക്കടവിൽ ഒരു സ്വകാര്യ ഹോട്ടലുടമ കായൽ പുറമ്പോക്ക് കയ്യേറി. അധികൃതർ യാതൊരു നടപടിയും കൈക്കൊള്ളാത്തതിൽ പ്രതിഷേധിച്ച് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും ജനകീയ സമര സമിതിയുടെയും നേതൃത്വത്തിൽ കയ്യേറ്റ ഭൂമിയിലേക്ക് ജനകീയ മാർച്ച് സംഘടിപ്പിച്ചു. പാർവ്വതീപുത്തനാറിൽ നിന്നും ആറിന്റെ ഇരുകരകളിൽ നിന്നും അനധികൃതമായി മണൽ കോരുന്നത് നിത്യ സംഭവമായിട്ടും വില്ലേജ് അധികാരികളും പോലീസും മൗനത്തിലാണെന്ന് ജനകീയ സമര സമിതി ആരോപിച്ചു. സ്വകാര്യ ഹോട്ടലുടമ തോണിക്കടവിലെ കയ്യേറ്റ ഭൂമിയിൽ വാഴയും തെങ്ങും നട്ടിരിക്കുകയാണ്. ഹോട്ടൽ നിർമ്മാണത്തിനുള്ള പ്രാഥമിക നടപടികളും ആരംഭിച്ചുകഴിഞ്ഞു. കയ്യേറ്റ ഭൂമിയിൽ നിന്നും ഹോട്ടലുടമയെ ഒഴിപ്പിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭത്തിന് നേതൃത്വം നൽകുമെന്ന് ശാസ്ത്ര സാഹിത്യ പരിഷത്ത് ജില്ലാ സെക്രട്ടറി രമേശും കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ ജില്ലാ സെക്രട്ടറി ആന്റോ ഏലിയാസും മുന്നറിയിപ്പു നൽകി.

# *Photographic Competition with Photo Exhibition*

**For**

1. SSLC and Higher Secondary Students
2. College Students

**Theme:**

"Dirt Free Beach- Green Village-
Clean City for a Healthy Environment"

**will be held on the 22nd February 2012 at Press Club Trivandrum**

## The Competition

1. The focus of the photo is any of the waste accumulated in Trivandrum District.
2. Participants should label the entry with the following

a. Name, Class, School of the participant, b. Name of the place, date and time of photograph is taken, c. State the content of the waste, d. Mention the possible problems that would occur due to this kind of waste accumulation, e. Make suggestions on proper way of waste disposal, f. List down names of persons (authority) to be contacted in case of any complaints about the waste.

3. Participants are allowed to use either Malayalam or English as a medium of exchange
4. They can add additional photographs to support the information given.
5. They are also requested to send their works either by post or by email.

**The Address**

The project Executive, KSMTF Office, Tank Road
(Bank Employees Union Hall Road), Pulimood
Thiruvananthapuram-695001, Kerala.
Tel.Number:0471-6541985
Mobile Number: 07403450700
E-mail:ksmtf@keralafishworkers.in, ubaldxavier@gmail.com

*Last date for receiving entries: 15th February 2012*

**AWARE is organizing the competition in association with KSMTF**

Renowned Environmentalists, Ecologists, Social Scientists, Media Personalities Government Officers and Ministers are attending.

Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Caxton Press, Vettucaud, Thiruvananthapuram, Ph: 2500685
Editor : T. Peter, Phone : 0471-6541985, Mobile : 9447429243, E-mail: admin@alakal.net, peter.ksmtf@gmail.com